# വരുന്നു, കേരളത്തിന്റെ സ്വന്തം നീര

ബി.വി. അരുൺകുമാർ

നാളികേര കർഷകർക്കു താങ്ങും തണലുമാകുമെന്ന പ്രത്യാശയുമായി നീര വരുന്നു. ഗോഡ്സ് ഓൺ കൺട്രിയുടെ സ്വന്തം ഉത്പന്നമാണു നീര. കേരളപ്പിറവി ദിനമായ ഇന്ന് ഇതിന്റെ ഔപചാരിക ഉദ്ഘാടനം നടക്കുകയാണ്. സെക്രട്ടേറിയറ്റിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് വെൻഡിങ് മെഷീൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതോടെ നീര വിപണിയിൽ സുലഭമാകും.

നീര, നീര എന്നു പറഞ്ഞു കേൾക്കാൻ തുടങ്ങിയിട്ടു നാളുകൾ ഏറെയായെങ്കിലും ഇപ്പോഴാണ് അധികൃതർക്കു വെളിപാടുണ്ടായിരിക്കുന്നത്. കേരളത്തിലെ നാളികേര കർഷകർക്കു മുൻഗണന നൽകിയാണു പദ്ധതി വരുന്നതെന്നാണു വാദം. എന്നാലത് എത്രകണ്ട് സാധ്യമാകുമെന്നു കണ്ടുതന്നെ അറിയാം.

ലോകത്ത് 96 രാജ്യങ്ങൾ കള്ളിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നു. നട്ടുവളർത്തിയ തെങ്ങിൽ നിന്നു നീര ചെത്തിക്കുടിക്കുകയോ ആർക്കെങ്കിലും കൊടുക്കുകയോ ചെയ്താൽ കിട്ടുന്ന ശിക്ഷ ഭയന്നു കേരളത്തിൽ പക്ഷേ, ഇതുവരെ നീര ചെത്തിയിരുന്നില്ല. ഏറ്റവും കൂടുതൽ പോഷകസമ്പന്നവും ശുദ്ധവും പ്രകതിദത്തവുമായ ഉത്പന്നമാണു നീര, ആൽക്കഹോളിന്റെ അംശം അൽപ്പം പോലും ഇല്ലാത്തതും. അതുകൊണ്ടുതന്നെ നീരയുടെ വിപണനവും വ്യാപനവും സർക്കാരിനു സാമ്പത്തിക ഞെരുക്കത്തിൽ നിന്നു കരകയറാനുള്ള ഒരു വഴിയുമായി മാറും.

100 മില്ലി ലിറ്റർ നീരയിൽ 1618 ഗ്രാം അന്നജവും 0.22 ഗ്രാം മാംസ്യവും 0.40 ഗ്രാം കൊഴുപ്പും ഇതുകൂടാതെ വൈറ്റമിൻ ബി, സി എന്നിവയും ശരീരത്തിനാവശ്യമായ അമിനോ അമ്ലങ്ങളും അടങ്ങിയിട്ടുണ്ട്. പൊട്ടാസ്യം, കാത്സ്യം, ഫോസ്ഫറസ്, ഇരുമ്പ് തുടങ്ങിയ പോഷകങ്ങളും നീരയിലുണ്ട്. പ്രമേഹ രോഗികൾക്കും ഇതു കുടിക്കാം. പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങളിൽ ഇതു വ്യാപകമായി ഉപയോഗിക്കുന്നു. ക്ഷയം, ആസ്ത്മ, വിളർച്ച തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കും ഇതുപയോഗിക്കുന്നു.

നീരയിൽ നിന്നും ചക്കര, പഞ്ചസാര, സിറപ്പ്, തേൻ, ചോക്ലേറ്റ്, മിഠായി, ജാം, കേക്ക്, വൈൻ തുടങ്ങിയ മൂല്യവർധിത ഉത്പന്നങ്ങൾക്കും വൻ സാധ്യതകളാണുള്ളത്. ഇതെല്ലാം കർഷകരുടെയും വരുമാനം വർധിപ്പിക്കും. അഞ്ചു തെങ്ങിൽ നിന്നും നീര ചെത്തിയാൽ കർഷകനു മാസത്തിൽ 30,000 രൂപ വരുമാനം പ്രതീക്ഷിക്കാം. അഞ്ചു ലക്ഷത്തോളം പേർക്ക് ഉയർന്ന തോതിൽ ശമ്പളം ലഭിക്കാവുന്ന ജോലി കൂടിയാണിത്. കേരളത്തിലെ തൊഴിലില്ലായ്മയ്ക്കും ഒരു പരിധിവരെ പരിഹാരം.

നാളികേര വികസന വകുപ്പിനു നീര ഉത്പാദിപ്പിക്കാൻ അനുമതി നൽകിയെങ്കിലും എക്സൈസ് വകുപ്പിനു കീഴിലാണ് ഇതു വരിക. അതുകൊണ്ടുതന്നെ മായം ചേർക്കലിനും തടയിടാം. കുറഞ്ഞതു പത്തു തെങ്ങെങ്കിലും ഉള്ളതും കുടുംബത്തിലെ ഒരാൾക്ക് അംഗത്വം എടുക്കാവുന്നതും നാലായിരത്തിനു മുകളിൽ തെങ്ങുള്ള ഒരു പ്രദേശത്തെ കർഷകരെ സൊസൈറ്റീസ് ആക്റ്റനുസരിച്ചു രജിസ്റ്റർ ചെയ്ത സൊസൈറ്റികളാക്കുകയാണു നാളികേര വികസന ബോർഡ് നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യപടി. ഇത്തരം പത്തു മുതൽ 25 വരെ സൊസൈറ്റികൾ ഉൾക്കൊള്ളുന്നതാണു ഫെഡറേഷൻ. ഇതിനു മുകളിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി പ്രൈവറ്റ് ലിമിറ്റഡും. ഇവർക്കാണു നീരയുടെ വിപണനച്ചുമതല.

പ്രാഥമിക തലത്തിൽ കുറഞ്ഞതു 10 തെങ്ങുകളെങ്കിലും സ്വന്തമായുള്ള 40 മുതൽ 100 വരെ കർഷകർ ചേർന്ന് ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം ബോർഡിൽ രജിസ്റ്റർ ചെയ്ത 5200ൽ പരം നാളികേര ഉത്പാദക സംഘങ്ങളും മധ്യതലത്തിൽ 20- 25 സിപിഎസുകൾ ചേർന്ന് ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം തെങ്ങുകൾ ഉണ്ടായിരിക്കണമെന്ന നിബന്ധനയോടെ രൂപീകരിച്ച 266 ഫെഡറേഷനുകളും തൃതീയ തലത്തിൽ 10 ഫെഡറേഷനുകൾ ചേർന്ന 13 ഉത്പാദക കമ്പനികളും നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി നാളികേര വികസന ബോർഡിനു കീഴിൽ ചിട്ടയോടെ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഒരു കമ്പനിയുടെ കീഴിൽ ചുരുങ്ങിയത് 10 ലക്ഷം തെങ്ങുകളാണു വേണ്ടത്.



**വിപണിയിൽ 20 മുതൽ 30 വരെ രൂപയ്ക്കു ലഭിക്കുന്ന നീര നാം 100 രൂപയ്ക്കു വിൽക്കുമെന്നു പറയുന്നതിന്റെ പ്രായോഗികത ആരും ഇതുവരെ ചോദ്യം ചെയ്തു കണ്ടില്ല. മദ്യത്തോട് ഏറെ പ്രതിപത്തിയുള്ള നമ്മുടെ നാട്ടിൽ കള്ളിനു പോലും 100 രൂപ വില കിട്ടാത്തപ്പോൾ നീരയ്ക്ക് 100 രൂപ കിട്ടുമെന്ന വാദത്തിന്റെ യുക്തി സംശയാസ്പദവുമാണ്.**

ഈ ശൃംഖലയിലിപ്പോൾ ഏഴു ലക്ഷത്തോളം കർഷകരാണ് അംഗങ്ങളായുള്ളത്. കേരളത്തിലെ 42 ലക്ഷം കർഷകരിൽ ഭൂരിഭാഗം കർഷകരെ ഫെഡറേറ്റ് ചെയ്ത് രജിസ്ട്രാർ ഓഫ് കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളുടെ കീഴിൽ കൊണ്ടുവന്ന് നീരയുടെയും മറ്റു മൂല്യവർധിത ഉത്പന്നങ്ങളുടെയും ഉത്പാദനത്തിലൂടെ കേരളത്തിനു ലഭിക്കുന്ന വരുമാനം സമീകൃതമായി വിഭജിച്ചു നൽകുകയും അതോടൊപ്പം നാളികേര മേഖലയുടെ സമഗ്ര വികസനവുമാണ് നാളികേര ബോർഡിന്റെ ലക്ഷ്യം.

2014 മാർച്ച് രണ്ടിന് കോട്ടയത്തു നടന്ന നീര ലോഞ്ചിങ് പരിപാടിയിൽ വച്ച് നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത 17 ഫെഡറേഷനുകൾക്കാണ് നീര ചെത്തുന്നതിനുള്ള ലൈസൻസ് വിതരണം ചെയ്തത്. ഇതു കൂടാതെ ഇന്നത്തെ 173 ഫെഡറേഷനുകളിൽ അന്ന് നിലവിലുണ്ടായിരുന്ന 156 ഫെഡറേഷനുകൾക്കും ലൈസൻസ് ഉടൻ നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതുവരെ ഏതാണ്ട് 60 ഫെഡറേഷനുകൾ എക്സൈസ് വകുപ്പിൽ നിന്നും നീര ചെത്തുന്നതിനുള്ള ലൈസൻസ് നേടിക്കഴിഞ്ഞു.

നീര ചെത്തുന്നതിൽ തൊഴിലാളികൾ പ്രത്യേക സാങ്കേതിക മികവും ശുചിത്വവും പാലിക്കുക എന്ന ലക്ഷ്യത്തോടെ ബോർഡ് നീര ടെക്നീഷ്യന്മാർക്കായി പ്രത്യേക പരിശീലന പരിപാടിയും തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പ്രാഥമിക ഘട്ടത്തിൽ മാസ്റ്റർ ട്രെയ്നർമാരായി പരമ്പരാഗത ചെത്തുതൊഴിലാളികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായി ഒരു മാസത്തെ പരിശീലന പരിപാടി വിവിധ ബാച്ചുകളിലായി സിഐടി വാഴക്കുളത്തു വച്ചും എസ്സിഎംഎസ് കുന്നുകരയിൽ വച്ചും നടന്നുവരികയാണ്.

കേരളത്തിലെ പതിനെട്ടു കോടി തെങ്ങുകളിൽ ഒരു ശതമാനമെങ്കിലും നീരയുത്പാദനത്തിനായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അടുത്ത രണ്ടു വർഷത്തിനകം 1400 നീര മാസ്റ്റർ ട്രെയ്നികളെയും ഒരു ലക്ഷം നീര ടെക്നീഷ്യന്മാരെയും പരിശീലിപ്പിച്ചെടുക്കുകയാണ് ബോർഡിന്റെ ലക്ഷ്യം. ഇതിനകം 75 പേർ നീര മാസ്റ്റർ ട്രെയ്നർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. മറ്റു രാജ്യങ്ങളിലെ നീര വരുമാനവുമായി താരതമ്യപ്പെടുത്തിയാൽ കേരളത്തിലെ കർഷകന് നീരയുടെ വൻ പ്രചാരകരായ ഫിലിപ്പീൻസ് കർഷകരെക്കാളും കൂടുതൽ വരുമാനം ലഭിക്കുമെന്നു പറയുന്നു അധികൃതർ.പ്രതിദിനം 10,000 ലിറ്റർ നീര ഉത്പാദിപ്പിക്കുന്നതിനാണ് നാളികേര ബോർഡിൽ പ്രൊജക്റ്റുകൾ സമർപ്പിച്ച കമ്പനികൾ ലക്ഷ്യമിട്ടിരിക്കുന്നത്.

സംഗതികൾ ഇതൊക്കെയാണെങ്കിലും നാളികേര ബോർഡിന്റെ തന്നെ പ്രോജക്റ്റ് റിപ്പോർട്ടിലെ കണക്കുകൾ പരിശോധിക്കുമ്പോൾ നീരയുടെ വില ഉൾപ്പെടെ അവർ പറഞ്ഞതെല്ലാം തെറ്റിദ്ധാരണാജനകമാണെന്നാണു കാണാനാകുക. ഒരു ലിറ്റർ നീരയ്ക്ക് കർഷകന് 50 രൂപ വില നൽകുമെന്നാണ് ബോർഡ് പറഞ്ഞിരുന്നത്. പക്ഷേ, ബോർഡിന്റെ തന്നെ സൈറ്റിൽ പറയുന്ന പ്രൊജക്റ്റ് റിപ്പോർട്ടിൽ രണ്ടര ലിറ്റർ നീര വീതം നൽകുന്ന തെങ്ങുകർഷകന് 500 രൂപയാണ് മാസം ലഭിക്കുക എന്നു പറഞ്ഞിരിക്കുന്നു. അതായത് ലിറ്ററിന് 6.70 രൂപ മാത്രം. ഒരു ലിറ്റർ നീരയ്ക്ക് 100 മുതൽ 125 രൂപ വരെ വില വരുമെന്നാണ് ബോർഡ് പറയുന്നത്. എന്നാൽ, 100 രൂപ എങ്ങനെയാണ് നീരയ്ക്കു വില വരിക എന്നതിനെക്കുറിച്ച് ആർക്കും അറിയില്ല. ഇവിടെ 100 മുതൽ 125 രൂപ വരെ വില വരുന്ന നീര, ലക്ഷദ്വീപിൽ 30 രൂപയ്ക്കു ലഭിക്കും. തമിഴ്നാട്ടിൽ പനയുടെ മധുരക്കള്ളിന് (നീര) 20 രൂപയാണു വില. ഗുജറാത്തിലും നീരയ്ക്ക് 20 രൂപ തന്നെ.

വിപണിയിൽ 20 മുതൽ 30 വരെ രൂപയ്ക്കു ലഭിക്കുന്ന നീര നാം 100 രൂപയ്ക്ക് വിൽക്കുമെന്നു പറയുന്നതിന്റെ പ്രായോഗികത ആരും ഇതുവരെ ചോദ്യം ചെയ്തു കണ്ടില്ല. മദ്യത്തോട് ഏറെ പ്രതിപത്തിയുള്ള നമ്മുടെ നാട്ടിൽ കള്ളിനു പോലും 100 രൂപ വിലകിട്ടാത്തപ്പോൾ നീരയ്ക്കു 100 രൂപ കിട്ടുമെന്ന വാദത്തിന്റെ യുക്തി സംശയാസ്പദവുമാണ്.